1.




ഉള്ളടക്കം

നിസ്സഹായത... - 2
വിപണനക്കാലത്തെ ഉത്സവങ്ങൾ... - 4
ചില കച്ചവടക്കാർ കടന്നാക്രമിക്കുമ്പോൾ... - 6
വിപണനവും ഉത്സവവും... - 8
നാം എങ്ങോട്ട്... - 10
ഉത്സവങ്ങളും വിപണിയും... - 11

2.

## നിസ്സഹായത

അന്നും കടക്കാരന്റെ ശകാരം കേട്ടാണ് അവൻ ഉണർന്നത്. വിശപ്പ് അവന്റെ വയറുകളെ കാർന്നു തിന്നുന്നുണ്ടായിരുന്നു. അവൻ സാവധാനം അടുത്തുള്ള കടൽക്കരയിലേക്ക് നടന്നു. അവിടെ മണൽപരപ്പിൽ ആരോടും പരിഭവം പറയാതെ അവനിരുന്നു. അല്ലെങ്കിലും അവന്റെ വേദനകൾ അറിയുന്നവരായി കടലമ്മയും തിരമാലകളുമല്ലാതെ മറ്റാരാനുള്ളത്.

അവനെ ആശ്വസിപ്പിക്കാനായി കടലമ്മ ഒരു മന്ദമാരുതനെ അങ്ങോട്ടു പറഞ്ഞയച്ചു. അത് അവനെ തിരഞ്ഞു കൊണ്ടെന്നപോൽ അവിടെയാകെ മന്ദം മന്ദം ചുറ്റി നടന്നു. പിന്നെ അവനടുത്തെത്തി അവന്റെ പാറിപ്പറന്ന തലമുടിയെ പിന്നോട്ട് വകഞ്ഞ് വെച്ച് അവന്റെ നെറ്റിയിൽ സാന്ത്വനത്തിന്റെ മുത്തം നൽകി കടന്നു പോയി. അല്ലെങ്കിലും അവനെ സാന്ത്വനിപ്പിക്കാനും അവന് അന്നം നൽകാനും കടലമ്മയാണല്ലോ എന്നും മനസ്സുവെക്കാറ്.

അവളുടെ മായാസൗന്ദര്യം കാണാനും, സാന്ത്വനസ്പർശങ്ങളിൽ എല്ലാം മറക്കാനും എത്തുന്നവർ കനിഞ്ഞു നൽകുന്ന നാണയ തുട്ടുകളോ ഭക്ഷണ ശകലങ്ങളോ ആണല്ലോ അവന്റെ പാതി വയറെങ്കിലും നിറക്കുന്നത്. അവൻ ഓർത്തു, ഇന്നലെ കടൽക്കാറ്റ് കൊള്ളാനെത്തിയ ആ കറുത്ത മനുഷ്യൻ നൽകിയ രണ്ട് രൂപയും, പിന്നെയാരൊക്കെയോ തന്ന ഇരുപത്തിയഞ്ചു പൈസാ നാണയങ്ങളും ചേർത്താണ് രാത്രി പാതി വയറെങ്കിലും നിറച്ചത്. ഇനി ഇന്ന് ആരുടെയൊക്കെയോ കൈകളിലാണാവോ അവന്റെ അന്നം.

ഒരു പകലോൻ കൂടിയവനിക്ക് പിന്നിൽ മറയുന്നതിന്റെ വേദനയിലാണ്. രാത്രിയെ വരവേൽക്കാൻ കടലമ്മ നെറ്റിയിൽ സിന്ദൂരവും ചാർത്തി ഒരുങ്ങുകയാണ്. പതിവു പോലെ ആ കാഴ്ചകാണാൻ ആയിരം കണക്കിന് ആളുകൾ എത്തി. അവന്റെ നീട്ടിയ കൈകളിലേക്ക് ആരൊക്കെയോ ചില നാണയതുട്ടുകൾ ഇട്ടുകൊടുത്തു. അത് കീറിപറിഞ്ഞ തന്റെ കുപ്പായത്തിന്റെ പോക്കറ്റിൽ വളരെ ശ്രദ്ധയോടെ സൂക്ഷിച്ചു.

അടുത്തൊരു മരച്ചുവട്ടിൽ തന്റെ പ്രായം വരുന്ന ഒരു ആൺകുട്ടിയും അവന്റെ കുഞ്ഞനിയത്തിയും അച്ചനും അമ്മയും ഇരുന്നു എന്തൊക്കെയോ കഴിക്കുന്നു. അവരുടെ അടുത്തു പോയി തന്റെ കൈകൾ നീട്ടി. അവരാ കൈ കണ്ടതായിപ്പോലും നടിച്ചില്ല. പിന്നെ അവൻ ആർത്തിയോടെ ആ കാഴ്ച നോക്കി പഞ്ചാരമണലിൽ ഇരുന്നു. തീറ്റ കഴിഞ്ഞ് കുട്ടികൾ അവിടവിടെ ഓടി നടന്നു. അച്ചനമ്മമാർ അവരുടെ സംഭാഷണങ്ങളിൽ മുഴുകി. പോകാൻ സമയത്താണ് അവർ ശ്രദ്ധിച്ചത്. പെൺകുട്ടിയുടെ കഴുത്തിലെ മാല കാണാനില്ല. അവൻ അവിടെയൊക്കെ തിരഞ്ഞു. അതു കണ്ട് ആളുകൾ അവരുടെ ചുറ്റും കൂടി.

3.

കീറിപ്പറിഞ്ഞ വസ്ത്രം അണിഞ്ഞ അവനെ നോക്ക് ആളുകൾ അടക്കം പറഞ്ഞു. പിന്നെ അവർ അടുത്തേക്ക വന്നു.

" നീ ഇവിടെ എവിടെയെങ്കിലും ഒരു മാല കണ്ടോടാ ?"

"ഇല്ല" അവൻ ദയനീയമായി പറഞ്ഞു.

" അവൻ മാത്രമേ ഈ പരിസരത്ത് ഉണ്ടായിരുന്നുള്ളൂ".എന്നാ കുട്ടിയുടെ അച്ഛൻ പറഞ്ഞപ്പോൾ അവർ അവന്റെ അവിടവിടെ പിന്നിയ ഷർട്ടിന്റെ പോക്കറ്റു വലിച്ചു കീറി. അതിലുണ്ടായിരുന്ന നാണയതുട്ടുകൾ ദൂരേക്കെറിഞ്ഞു. അവന്റെ പാതി വയറാണ് അവർ ദൂരേക്കെറിഞ്ഞതെന്ന് അവരാരും ഓർത്തില്ല. അവന്റെ നിസ്സഹായാവസ്ഥയിൽ അവർക്കാർക്കും അലിവ് തോന്നിയതുമില്ല. പിന്നെ ട്രൗസറിന്റെ പോക്കറ്റ് ക്രൂരമായി വലിച്ചു ചീന്തി. പക്ഷേ, അവർക്കൊന്നും കിട്ടിയില്ല. ദോഷ്യത്തോടെ അവനെ ആ മണലിലേക്ക് തള്ളു കൊടുത്തു, എന്തൊക്കെയോ ശകാരവാക്കുകൾ പറഞ്ഞ് അവർ പോയി.

അവൻ കറഞ്ഞുകൊണ്ട് ആ മണലിൽ കിടന്നു. സമയം ആരെയും കാത്തുനിന്നില്ല. മെല്ലെ, മെല്ലെ രാത്രി കടന്നു വന്നു. എന്നും അവൻ അന്തിയുറങ്ങുന്ന കടത്തിണ്ണയിലേക്ക് പോകാൻ പോലും അവൻ ശക്തിയില്ലായിരുന്നു. തന്റെ ഒട്ടിയ വയറിൽ കൈവെച്ച് അവൻ അവിടെ കിടന്നു.

അന്ന് കടൽ പതിവിലേറെ പ്രക്ഷുബ്ധമായിരുന്നു.

മുഹമ്മദ് ഷാമിൽ

4.

## വിപണനകാലത്തെ ഉത്സവങ്ങൾ

നമ്മൾ ഇപ്പോഴുള്ളത് ആധുനിക കാലഘട്ടത്തിലാണ്. എവിടെ നോക്കിയാലും പരസ്യങ്ങളും ഓഫറുകളും മറ്റുമാണ്. മനുഷ്യ മനസ്സുകളെ ആകർഷകമാക്കുന്ന രീതിയിലാണ് ഇപ്പോൾ വിപണികൾ മുന്നേറുന്നത്. ആളുകളെ ആകർഷിപ്പിച്ച് അവരെ അതിലേക്ക് ക്ഷണിക്കുകയാണ് ആധുനിക വിപണിയുടെ പ്രധാന മുന്നേറ്റം.

നമുക്ക് അത് പ്രയോജനമാണെങ്കിലും ചിലപ്പോൾ അതിൽ പല കെണികളും ഉണ്ടാകും. പ്രധാനമായിട്ടും ഓഫറുകളും മറ്റും നമ്മൾ കാണുന്നത് 'ഉത്സവങ്ങൾ' അഥവാ ആഘോഷങ്ങളിലാണ്. ഓണമാണെങ്കിലും, പെരുന്നാളാണെങ്കിലും അപ്പോഴെല്ലാം വിപണിയിൽ നല്ല  തിരക്കായിരിക്കും. കാരണം, ആളുകൾ ആഘോഷിക്കുന്ന  സമയമായതിനാൽ എല്ലാവരും വിപണിയിലേക്ക് ഇറങ്ങുന്ന കാലം അതുകൊണ്ടാണ് അപ്പോൾ അവർ വിപണി പിടിക്കാൻ ഇങ്ങനെ പല ഓഫറുകളും നമുക്ക് മുന്നിൽ തരുന്നത്. ചുരുക്കി പറഞ്ഞാൽ ഉത്സവങ്ങൾ പണമായിട്ടാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇത് പല മനുഷ്യ ജീവിതങ്ങളേയും ജീവിത രീതികളേയും മാറ്റിമറിച്ചിട്ടുണ്ട്. ഇപ്പോൾ ഉത്സവങ്ങൾ പണ വിപണിയായി നടക്കുന്നു. ഉത്സവങ്ങളുടെ പ്രധാന ഉദ്ദേശം എന്ന് പറയുന്നത് മനുഷ്യരെ ഒന്നിപ്പിക്കാനും എല്ലാവരും ഒത്തുചേരാനും ഒരുമിച്ചിരുന്നു വർത്തമാനം പറയാനുമാണ്. എന്നാൽ ഇപ്പോഴുള്ള ആഘോഷങ്ങളെല്ലാം ഇതിൽ നിന്ന് ഏറെ വ്യത്യാസമുള്ളതാണ്. പുതിയ വസ്ത്രങ്ങൾ, ചെരുപ്പുകൾ ഇങ്ങനെ എല്ലാ സാധനങ്ങളും വാങ്ങുമെങ്കിലും ആളുകൾ തമ്മിൽ ഇപ്പോൾ  പഴയ ബന്ധങ്ങളോ മറ്റോ ഇല്ല. എല്ലാം മൊബൈൽ എന്ന വിപണിയാണ് പിടിച്ചത്. മൊബൈൽ നമുക്ക് ഏറെ ഉപയോഗമാണെങ്കിലും അത് വളരെയേറെ അപകടം വരുത്തുന്ന ഒരു സംവിധാനമാണ്.

അതെ, ഇപ്പോൾ നമ്മുടെ ആഘോഷങ്ങളെല്ലാം വിപണി പിടിച്ചിരിക്കുകയാണ്. ഇപ്പോൾ വിപണി മൊബൈൽ ഫോൺ വഴി നടക്കുന്ന കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്നത്. ആമസോൺ, ഫ്ലിപ്പ്കാർട്ട് തുടങ്ങി നിരവധി ഓൺലൈൻ വിപണികളുടെ കാലത്താണ് നാം ഉള്ളത്. ഇതെല്ലാ നമ്മുടെ വിപണിയിലേക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കുകയാണ് ചെയ്യുന്നത്. ഓണമാണെങ്കിലും, പെരുന്നാളാണെങ്കിലും, എല്ലാം അത്തരം വിപണികൾ അവരുടെ സാധനങ്ങൾക്ക് വില കുറച്ച് വിപണിയിലേക്കെത്തിക്കുന്നത്. ഇപ്പോൾ ഉത്സവങ്ങളിൽ ഒരു പുതിയ കുപ്പായം എടുക്കുമ്പോൾ എല്ലാവരും ആദ്യം നല്ല ബ്രാന്റ് നോക്കും, പിന്നെ വില നോക്കും, വില കുറവുള്ളത് ഒരിക്കലും എടുക്കില്ല. കാരണം, അത്

അവരുടെ സ്റ്റാറ്റസിനെ ബാധിക്കും. അത് എല്ലാവരുടെ മുന്നിലും ഒരു പ്രഹസനം കാണിക്കലായി മാറിയിരിക്കുകയാണ് ഇപ്പോൾ നമ്മുടെ ഉത്സവങ്ങൾ. സ്നേഹവും സന്തോഷവും നിറയുന്ന ഉത്സവങ്ങൾ പൊങ്ങച്ചത്തിനുള്ളതായയി മാറിക്കൊണ്ടിരിക്കുകയാണ്.

അതെ, ഇപ്പോൾ ആളുകളെ കാണിക്കാൻ വേണ്ടിയാണ് ഉത്സവങ്ങൾ തന്നെ ആഘോഷിക്കുന്നത്. പണത്തിന് ഒരു വിലയില്ലാതെ ആയിരിക്കുകയാണ്. ഇപ്പോൾ ജനങ്ങൾക്ക് 'ഷോപ്പിങ്ങ്' എന്നുള്ളത് ഒരു ലഹരിയായി മാറിയിരിക്കുകയാണ്. എവിടെ പോയാലും എന്തെങ്കിലും ഒക്കെ വാങ്ങണം എന്ന രീതിയിലേക്ക് നമ്മുടെ ജീവിതം മാറിയിരിക്കുകയാണ് എന്നതാണ് വാസ്തവം. വിപണനക്കാർ പെട്ടെന്ന് വളരുന്ന ഒരു കാലമാണിത്. എല്ലാവരും ഉത്സവക്കാലത്ത് സാധനങ്ങൾ വിലകുറച്ച് നൽകുമെങ്കിലും ഒരു സേവകൻ എന്ന നിലയിൽ ഒരു ഡോക്ടർ പോലും ഒരു രോഗിയെ വിലകുറച്ച് പരിശോധിക്കുന്നില്ല. മരുന്നുകൾക്ക് വിലകുറക്കുന്നില്ല. മനുഷ്യർക്ക് ഒരു ഗുണവുമില്ലാത്ത സാധനങ്ങളാണ് വിപണിയിൽ ഏറ്റവും വിലകുറഞ്ഞത്. എന്നാൽ ഒരു രോഗി തന്റെ മരുന്നിന് കൊടുക്കുന്ന പൈസയൊക്കെ കേട്ടാൽ നമ്മൾ ഞെട്ടും. ശരിക്കും ഈ ഓഫറുകളും മറ്റും ഡോക്ടർമാരും ഉപയോഗിക്കണം. മരുന്ന കമ്പനികളും. എന്നാൽ എത്ര രോഗികളെ രക്ഷപ്പെടുത്താം. മെച്ചെപ്പെട്ട ചികിത്സ പണമുള്ളവർ-ക്ക് മാത്രം.അതെ ആ സ്ഥിതി ഈ ഉത്സവക്കാലത്ത് പൈസ കുറച്ച് പാവങ്ങളെ സഹായിച്ചാൽ എത്ര നന്നായിരുന്നു. മരുന്ന് വാങ്ങിക്കാൻ പണമില്ലാതെ എത്ര രോഗികളാണ് മരണമടയുന്നത്. ഈ ഓഫറുകളും മറ്റും നമ്മൾ അതിൽ ഉപയോഗപ്പെടുത്തണം എന്നതാണ് എന്റെ അഭിപ്രായം. ഈ ഓഫർ മരുന്നിന് നൽകി മരുന്ന കുടിച്ച് അയാളുടെ രോഗം മാറിയാൽ എത്ര സന്തോഷവാനാകും ആ രോഗി. ഇത് വെറുതെ ഒരു ഉപയോഗവും ഇല്ലാത്ത സാധനങ്ങൾ വില കുറച്ച് ആളുകളെ വഞ്ചിച്ച് വിപണി പിടിക്കുന്നതിനേക്കാൾ എത്രയോ നല്ലത് പാവങ്ങളായ രാഗികൾക്ക് സൗജന്യ ചികിത്സയും സൗജന്യ മരുന്നുകളും നൽകുന്നതാണ്.
വിപണന കാലത്തെ ഉത്സവങ്ങൾ ആളുകൾക്ക് ഉപകാരപ്രദമായ രീതിയിൽ തന്നെ ഉപയോഗിക്കണം.

മിഥുൻ രാജ്.സി.എം

6.

# ചില കച്ചവടക്കാർ കടന്നാക്രമിക്കുമ്പോൾ

ഉത്സവങ്ങൾ എന്നൊക്കെ പറഞ്ഞാൽ പണ്ടുകാലങ്ങളിൽ ആഘോഷമായി മാത്രമാണ് കണ്ടിരുന്നത്. എന്നാൽ അന്ന് ഉത്സവത്തിന് സമയമായാൽ സന്തോഷവും ആഹ്ലാദവും എല്ലാം നിറഞ്ഞ ഒരു അന്തരീക്ഷമായിരുന്നു. എന്നാൽ ഇക്കാലങ്ങളിൽ നാം കാണുന്നത് എന്തൊക്കെയാണ്?. കച്ചവടം എന്നത് ഒരു ഉത്സവമായിട്ടാണ് ഈ തലമുറ കണക്കു കൂട്ടുന്നത്.

നമ്മുടെ ഈ കാലഘട്ടം കടന്ന് പോകുന്നത് തന്നെ ആധുനിക സംവിധാനങ്ങളുടെ ഒരു വഴിയിലൂടെയാണ്. ആയതുകൊണ്ടുതന്നെ ഇക്കാലത്ത് ഉത്സവം എന്ന വാക്കിന് തീരെ ഒരു വിലയില്ലാതെയാവുകയാണ്. കാരണം, നമ്മൾ എന്നും കാണുന്നത് ഉത്സവങ്ങളാണ്. വിരൽ തുമ്പിലൂടെ കാലത്തെ ഉത്സവമാക്കുന്ന ഒറു തലമുറയാണ് നമ്മുടേത്. പണ്ട് കാലത്തെ കച്ചവടം എന്നൊക്കെ പറഞ്ഞാൽ തന്നെ ഒരു ഒത്തുകൂടലും സന്തോഷവും ആകെ ബഹളവും നിറഞ്ഞ ഒരന്തരീക്ഷമായിരുന്നു. കച്ചവടക്കാർ യുദ്ധത്തിന് തയ്യാറായി നിൽക്കുന്ന കുതിരകളെ പോലെ അണിനിരന്ന് നിൽ-ക്കുന്നതു കാണാൻ തന്നെ വളരെ ഭംഗിയാണ്. അവർ നമ്മുടെ മനസ്സിലൂടെ കടന്ന് വരും വിധത്തിൽ വില പറച്ചിലും നമ്മളെ അതിലേക്ക് ആകർഷിപ്പിച്ച് ആ സാധനം വാങ്ങുന്നതു വരെ അവരുടെ ആ സാധനത്തെ പറ്റിയുള്ള പോരിശയും എല്ലാം കേട്ടാൽ തന്നെ നമ്മൾ അതിനെ വാങ്ങിപ്പോകും. എന്നാൽ ഈ കാലത്ത് നാം കാണുന്നത് എന്താണ്?. അങ്ങനത്തെ കച്ചവടക്കാരൊക്കെ അപൂർവ്വങ്ങളിൽ അപൂർവ്വം. ഉണ്ടെങ്കിലും അത് പഴയ കാലത്തെ പാരമ്പര്യമുണ്ടെങ്കിൽ അവരായിരിക്കും.

തീർത്തും വ്യത്യസ്തമായി നമ്മുടെ വീടിനുള്ളിൽ ഇരുന്ന് തന്നെ നമുക്ക് വേണ്ട സാധനം നമ്മുടെ അടുത്ത് വരുന്ന ഒരു സംവിധാനമാണ് ഈ കാലത്ത്. നിരവധി ഉത്സവങ്ങളാണ് ഈ ആധുനിക കാലത്ത് കണ്ടുക്കൊണ്ടിരിക്കുന്നത്. നമ്മൾ മൊബൈൽ ഫോണുകളിലൂടെ നമ്മളെ ആകർഷിക്കുന്ന വിധത്തിലുള്ള ചിത്രങ്ങളും പരസ്യങ്ങളും നൽകി വിലക്കുറവ് എന്നൊക്കെ പറഞ്ഞ് നമ്മളെ ആ സാധനം വാങ്ങിപ്പിക്കുന്ന തരത്തിലുള്ള ആകർഷണം നൽകിയാണ് സാമൂഹ്യമാധ്യമങ്ങളിലൂടെ ഓരോ പരസ്യവും. അതിനായി ഇപ്പോൾ പലതരം അപ്ലിക്കേഷനുകളും. എന്നും പല തരത്തിലുള്ള പേരുകൾ ഇട്ടുകൊണ്ട് ആളുകളെ അവർ അതു വാങ്ങുന്ന തരത്തിലേക്ക് ആക്കി തീർക്കുന്നു.

നാം ഇപ്പോൾ കണ്ടുവരുന്ന ചില ഉന്നതി ലഭിച്ച അപ്ലിക്കേഷനുകളാണ് ഫ്ലിപ്പ്കാർട്ട്, ആമസോൺ,സ്നാപ്പ് ടീൽ എന്നിവയൊക്കെ. ഇപ്പോഴും ഇതാ 'ബിഗ് ബില്ല്യൺ ഡേയ്സ്', 'ഗ്രേറ്റ് ഫെസ്റ്റിവൽ' എന്നൊക്കെ പറഞ്ഞുകൊണ്ട് ഓരോ കച്ചവടം. ഇപ്പോഴത്തെ യുവ തലമുറയാണെങ്കിൽ അതിലങ്ങ് ലയിച്ചും കഴിഞ്ഞു. എന്തൊരു സാധനം വേണമെങ്കിലും മൊബൈൽ ഫോൺ ഓൺ ചെയ്ത് നമ്മൾ  ഓർഡർ ചെയ്യുന്നു. നിമിഷങ്ങൾക്കകം അത് നമ്മുടെ വീടിന് മുമ്പിൽ എത്തുന്നു. വസ്തുങ്ങളും, അലങ്കാര സാധനങ്ങളും മറ്റും എല്ലാം ലഭ്യമാകുന്ന ഈ കാലത്ത് ഭക്ഷണവും ഇപ്പോൾ നമ്മുടെ വീട്ടുകാർ ഓർഡർ ചെയ്തുകൊണ്ടുവരുന്നു. പല തരം പേരിലുള്ള ഓരോ മാഫിയകളാണ് ഇതിനു പിന്നിലെല്ലാം.

ഉത്സവക്കാലത്തെ കച്ചവടം എന്നൊക്കെ പറഞ്ഞാൽ ഇപ്പോൾ ഒരു ലഹരിയാണ് യുവ തലമുറക്ക്. ഉത്സവം കാണാനും ഉല്ലസിക്കാനുമല്ല നമ്മുടെ യുവാക്കളും കുട്ടികളുമെല്ലാം ഇപ്പോൾ നടക്കുന്നത് മറിച്ച് ഉത്സവത്തിനു പോയി കച്ചവട സാധനങ്ങൾ പലതും കാണുക എന്ന ഉദ്ദേശം മാത്രമാണ് അവർക്കുള്ളത്. വിപണന കാലത്തെ ഉത്സവം എന്നതു കൊണ്ട് പെട്ടെന്ന് നമുക്ക് മനസ്സിലാകുന്ന ഒരു ആശയം, വിപണന ഉത്സവം എന്നാണ്. കാരണം വിപണോത്സവം ആണ് ഈ കാലത്ത് നാം കാണുന്നത്. വ്യത്യസ്ത വിപണനകൾ നാം ഈ കാലത്ത് കണ്ടു വരുന്നു.

ഇതിന്റെ സമകാലിക പ്രസക്തി എന്നാൽ വളരെയേറെയാണ്. ഇപ്പോഴത്തെ യുവ തലമുറയുടെ ലഹരിയായി മാറിക്കഴിഞ്ഞ ഓൺലൈൻ ഷോപ്പിങ് ഉത്സവ കച്ചവടങ്ങളെ എല്ലാം മറികടക്കുന്ന ഒരു സാഹചര്യത്തിലാണ്.

ഇതിനൊക്കെ ആരെയും പറഞ്ഞിട്ട് ഒരു കാര്യവും ഇല്ല എന്ന ഒരു നിരീക്ഷണത്തിലാണ് ഇത് അവസാനിക്കുക. യുവാക്കളും പ്രായമായവരും കുട്ടികളുമെല്ലാം മുഴുകിയിരിക്കുകയാണ് ഈ കാലത്തെ ഉത്സവത്തിൽ.
8.കച്ചവടക്കാർ കടന്നാക്രമിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. സൂക്ഷിക്കുക, പലതും കാണാൻ ഇരിക്കുന്നു...

മുഹമ്മദ് ആദിൽ.ടി

8.

# വിപണനവും ഉത്സവവും

കൈരളീയന്റെ മുഖമുദ്രയായിരുന്ന ഉത്സവങ്ങൾ. ആനയും, അമ്പലവും, നാട്ടുകാരും, കൈകോർത്ത് നടത്തിയിരുന്ന ഉത്സവങ്ങൾ. മനുഷ്യന്റെ മനസ്സിലെ വിദ്വേശങ്ങളെ നശിപ്പിക്കാനും അതിൽ ആനന്ദത്തിന്റെ മൊട്ടുകൾ നിറക്കാൻ കഴിയുന്ന ഒരു കാലമുണ്ട്, അതാണ് ഉത്സവക്കാലം.

അന്യ സംസ്ഥാനക്കാർ പറയുമായിരുന്നു 'ഉത്സവങ്ങളുടെ നാടാണ് കേരളം' എന്ന്. അതിൽ ചെറിയ വാസ്തവമുണ്ട്. ഓണം, വിഷു, ബക്രീദ്, പെരുന്നാൾ അങ്ങനെ ഒട്ടനവധി ഉത്സവങ്ങൾ നമുക്കറിയാം. മുൻതലമുറ അതിനെ സ്നേഹിക്കാനും മനുഷ്യരെ ഒന്നിപ്പിക്കുവാനും വേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. പക്ഷേ ഇന്ന് നമ്മൾ പോലും അറിയാതെ അത് വിപണനകാലമായിമാറുകയാണ്. പല സ്ഥാപനങ്ങളും നമ്മുടെ ഉത്സവപ്രേമത്തെ വിനിയോഗിക്കുന്നു. ഓണവും പെരുന്നാളുമൊക്കെ വിപണനമേളയായിമാറിക്കഴിഞ്ഞിരുന്നു. നമ്മുടെ മനസ്സിനെ ആകർശിക്കാൻ അവർക്കു സാധിക്കുന്നു. ഇതിനു ഉത്തമ ഉദാഹരണങ്ങൾ ആഘോഷക്കാലത്തെ മാധ്യമങ്ങൾ പരിശോധിച്ചാൽ നമുക്കറിയാൻ സാധിക്കും.
അതിൽ ഓണക്കാല വിപണനത്തെ ആകർഷകമായി വിവരിച്ചിരിക്കുന്നത്. ഉത്സവങ്ങൾ ഇപ്പോൾ വിപണനകാലമായി മാറിയിരിക്കുന്നതിന്റെ തെളിവാണ്.

ഇന്നു നമുക്കറിയാം പല സ്ഥാപനങ്ങളും കേരളത്തിൽ നിന്ന് കൊയ്തെടുക്കുന്ന ലാഭം എത്രയാണ് എന്ന്. ഓരോ ഉത്സവങ്ങളും അവരുടെ വരുമാനമാർഗ്ഗമാണിപ്പോൾ.  മോഡേൺ തലമുറക്കറിയില്ലല്ലോ കേരളചരിത്രത്തെ. ഉത്സവങ്ങളെ ജാതിമതഭേതമന്യേ അവർ സന്തോഷപ്പൂർവം ആഘോഷിക്കും. ഇന്നിപ്പോൾ നമ്മുടെ ഉത്സവങ്ങൾ വളരെ വ്യത്യസ്തമാണ്. അതു കൊണ്ടു തന്നെ ഇന്ന് മനുഷ്യർക്കിടയിൽ ഒരു വ്യത്യാസമുണ്ട്. പണ്ട് മനുഷ്യർ വളരെ സ്നേഹത്തോടെയും പരസ്പര സഹായത്തോടെയുമാണ് ജിവിച്ചത്. മുസൽമാനെന്നോ, ക്രൈസ്തവനെന്നോ, ഹിന്ദുവെന്നോ, വ്യത്യാസമില്ലാതെ അവർ ഉത്സവങ്ങൾ ആഘോഷിച്ചിരുന്നു. മാറിവരുന്ന ഈ വ്യത്യാസങ്ങൾ നമ്മുടെ സംസ്കാരത്തേയും ഉത്സവങ്ങളേയും ബാധിക്കുന്നു എന്ന് സാരം.

ഉത്സവങ്ങളൊന്നും മനുഷ്യന്റെ ഒരു വിനോദമാണ്. പരസ്പരം കൈകോർത്ത് നടത്തുന്നതാണ്. അതു കൊണ്ടുതന്നെ കൈരളീയർ മറ്റു

സംസ്ഥാനക്കാരിൽ നിന്നും വ്യത്യസ്തരാണ്.പക്ഷേ ഇപ്പോൾ നമ്മുടെ നാടും വിപണനമെന്ന വലയിൽ പതുക്കെ അകപ്പെട്ടുകൊണ്ടിരിക്കുകയാണ്. പണ്ടുമുണ്ടായിരുന്ന ഉത്സവക്കാലങ്ങളിൽ വിപണനങ്ങൾ. അതിനെ നാം ഉത്സവക്കാലത്തെ വിപണനം എന്ന് വിളിക്കാമായിരുന്നു. പക്ഷേ ഇന്ന് 'വിപണനക്കാലത്തെ ഉത്സവങ്ങൾ' എന്ന് നാം വിളിക്കേണ്ട അവസ്ഥയാണ്. കാരണം ഉത്സവക്കാലം ഇന്നും പലവൻ വിപണനശാലകളുടെ വിപണനമേളയാണ്. കൈരളീയർ തന്റെ തനതായ സംസ്കാരം നിലനിർത്തിക്കൊണ്ട് ഉത്സവങ്ങളെ പഴയ കാലത്തിനേക്കാൾ സുന്ദരമായ രീതിയിൽ ആഘോഷിച്ചാൽ 'കേരളം ഉത്സവങ്ങളുടെ നാട്'എന്ന പ്രയോഗം നമുക്ക് നിലനിർത്താം.

മുഹമ്മദ് ഹിഷാം.എ

10.

## നാം എങ്ങോട്ട്

സംഗീതസാന്ദ്രമാം പ്രകൃതിയെ
ഇന്നിന്റെ നെറികെട്ട നീതികൾ
തച്ചുടക്കുന്ന ബീഭത്സമാം ദൃശ്യം
എങ്ങനെ ദർശിപ്പൂ മനുഷ്യാ !
സ്വാർത്ഥമോഹിയായ് പരിണമിച്ച
തെങ്ങനെ എൻ പ്രിയ തോഴരെ !
വേദങ്ങളിലും മറ്റു ഗ്രന്ഥങ്ങളിലും
പ്രകൃതിയെ ഉപവാസിക്കാൻ പഠിച്ച നീ
പ്രകൃതിയെ ധ്വംസനം ചെയ്തീടുന്നു.
ശാസ്ത്രം ജയിക്കുമ്പോൾ, പ്രകൃതിയെ ധ്വംസിക്കാൻ
പഠിപ്പിച്ചതാരെന്ന് ചൊൽക നീ.
ശാസ്ത്രവും പ്രകൃതിയും ഒന്നിച്ചുയരുന്ന
കാഴ്ചകൾ വെറുമൊരു കിനാവു മാത്രം
കുന്നും മലയും വനവും യന്ത്രത്തിൽ
കരാളഹസ്തത്തിൽ വീണു പിടയുമ്പോൾ,
നിൻ നേത്രങ്ങൾ തിമിരത്തിൽ മുങ്ങീടുന്നോ
ധരിത്രി തൻ രോധനം കേട്ടിടാതെ,
ധരണി തൻ നിണം പാനം ചെയ്തു
ദാഹമകറ്റുന്ന നിൻ കരം
പെറ്റമ്മയെ ധ്വംസിക്കാൻ മടിക്കുമോ?
അന്ധകാരത്തിൽ കയത്തിലേക്കു നീങ്ങവേ,
ഇനിയും വൈകിയിട്ടില്ലെന്ന സത്യമറിക
പ്രകൃതിയെ, സ്നേഹിച്ചീടുവാൻ, കാത്തുകൊള്ളാൻ,
ഇല്ലെങ്കിൽ,
പ്രകൃതിതൻ ക്രൂരമാം നടനത്തിൽ
ബലിയാടുകളായി കുരുതിയർപ്പിക്കും
വരും ജന്മങ്ങൾ ദർശിച്ച്
രാപമോക്ഷത്തിനായ്

ബിനി കിഴിശ്ശേരി

## ഉത്സവങ്ങളും   വിപണിയും

തിരക്കേറിയ മനുഷ്യജീവിതത്തിൽ അധികവും ആശ്വാസവും ആനന്ദവും നിറക്കുന്നതാണ് ഉത്സവങ്ങൾ അങ്ങനെയുള്ള പല ഉത്സവളാണ് ഓണം,പെരുന്നാൾ,വിഷു,മറ്റു ക്ഷേത്ര ഉത്സവങ്ങളും.

വിപണന മേഘലയിൽ ഏറ്റവും കൂടുതൽ ലാഭം കിട്ടുന്ന സമയമാണ് ഉത്സവക്കാലങ്ങൾ.ഓരോ ആഘോഷങ്ങക്കും അതിന്റെ ആവശ്യ സാധനങ്ങൾ ആളുകളുടെ  താൽപര്യത്തിൻ അനുസരിച്ചും മനസ്സു കീഴടക്കുന്നതുമായ രീതിയിൽ  വിപണനത്തിനിറക്കുന്നത് ഓരോ സമയങ്ങളിൽ നമുക്കു കാണാം ഭാഗ്യവശാൽ ഏറ്റവും കൂടുതൽ ആചാരങ്ങളും ആഘോഷങ്ങളും ഉത്സവങ്ങളും നിലനിന്നു വരുന്നത് നമ്മുടെ കേരളത്തിൽ തന്നെയാണ്

കച്ചവടം നടക്കാത്ത പല മേഘലകളിലും പൂരക്കാലങ്ങളിൽ ആയിരിക്കും കൂടുതലായും ലാഭം കിട്ടുന്നത് കുട്ടികൾ  മുതൽ മുതിർന്നവർ വരെ വരെയുള്ള വരുടെ ആവശ്യത്തിനനുസരിച്ച് ഉള്ള വ്യാപാരമാണ് അവിടെയെല്ലാം ഉള്ളത് .എല്ലാ ഉത്സവക്കാലങ്ങളിലും ഒരു പോലെ വ്യാപാരം നടക്കുന്നത് വസത്രമേഖലയിലാണ് മതേതര ആഘോഷങ്ങളിലും മറ്റുതരത്തിലുള്ള ആഘോഷങ്ങളിലും എല്ലാം വ്യാപാരം മികച്ച രീതിയിൽ തന്നെ മുന്നേറിക്കൊണ്ടിരിക്കുകയാണ്.അതുകൊണ്ടുതന്നെ ഇത്തരം മേഘലകളിൽ വ്യാപാരികളുടെ എണ്ണം വർധിച്ചു വരികയാണ് .ആവശ്യക്കാരുടെ എണ്ണത്തിന് ഒരു പടിമേൽ തന്നെയാണ് വ്യാപാരികളുടെ എണ്ണം

എന്നാൽ ഇത്തരം വ്യാപാരമേഖലയുടെ പ്രസക്തി ഇന്ന് കുറഞ്ഞ് വരികയാണ്.നിലവാരം കൂടിയ വസ്തുക്കളാൽ നിർമിതമായ സാധനങ്ങൾ ക്കാണ് ഇന്ന് പ്രസക്തി.ഗ്രാമങ്ങളെല്ലാം നഗരങ്ങളായി മാറുകയും ,വലിയ ഷോപ്പിഗ് കോംപ്ലക്സുകൾ ഉയരുമ്പോഴും ഇത്തരം ചെറുകിട വ്യാപാരങ്ങളും ,വ്യാപാരികളും അന്ന്യം നിന്ന് പോവുകയാണ്.നിലവാരം കൂടിയ വ്യാപാരത്തിന്റെ ആവശ്യം ആളുകളെ നിലവാരം കൂടിയ ജീവിതത്തിലേക്ക് നയിക്കുകയാണ്.മനുഷ്യരുടെ നിലവാരം കൂടിയ മനോഭാവം ഇത്തരം വ്യാപാരങ്ങളുടെ വളർച്ചക്ക് മുതൽക്കൂട്ടാകുന്നു.

കുട്ടികൾ ഉപയോഗിക്കുന്നതായ വസ്തുക്കൾക്കാണ് ഇന്ന് ഏറ്റവും കൂടുതൽ നിലവാരവും വിലയും എല്ലാം .കാരണം കുട്ടികളുടെ ആവശ്യത്തിന്

എതിരുനിൽക്കുന്ന മാതാപിതാക്കളില്ല അവരുടെ ഓരോ ആവിശ്യങ്ങളും വില നോക്കാതെ രക്ഷിതാക്കൾ
നിറവേറ്റുന്നു.ഈ ഒരു കാരണം മുൻ നിർത്തികൊണ്ടുതെന്നയാൺ വിപണിയിൽ ആവശ്യസാധനങ്ങൾക്ക് വിലയിടുന്നതും നിലവാരം കല്പിക്കുന്നതും.

വൈവിധ്യങ്ങൾ നിറഞ്ഞതാൺ കേരളം,അതുപോല തന്നെ വൈവിധ്യങ്ങൾ നിറഞ്ഞതാൺ കേരളത്തിലെ വിപണിയും . ഉത്സവങ്ങളെ അടിസ്ഥാനം ആക്കിയാൺ കേരളത്തിലെ ഒരു വിധം എല്ലാ വ്യപാരങ്ങളും മുന്നോട്ട് പോകുന്നത്.എന്നാൽ അതിനിടയിൽ നന്മയെ മുൻനിർത്തിക്കൊണ്ട് നീങ്ങുന്ന ഒരുപാട് നല്ലവരെ കാണാൻ നമുക്ക് സാധിക്കും

നമ്മെ സാക്ഷിയാക്കിയ ഈ പ്രളയക്കാലങ്ങിൽ നാം കണ്ടു സ്വന്തം ലാഭമോ,നഷ്ടമോ നോക്കാതെ മുൻകയ്യെടുത്ത് നമ്മുടെ നാടിനെ സഹായിക്കാനെത്തിയ നൗഷാദിനെ പോലെയുള്ള യുവാക്കൾ.ഇവരെയല്ലാമാകണം നന്മനിറഞ്ഞ ഈ വിപണനകാലത്തിന്റ മാതൃകകൾ

മുഹമ്മദ് ഹിഷാം.എ

12.

## <u>നിമിഷം</u>

ഒരു വിരൽ തുമ്പിനാലെ

എന്റെ മനം നീറിവന്നു...

ഒരു കൊടുങ്കാറ്റു പോലെ...

കാലം പോയ് മറഞ്ഞു...

തീയിൽ ജ്വലിച്ച സൂര്യൻ...
നിന്നു പോയതെവിടെ നിയൽ
പരത്തും വെട്ടം
നിന്നു പോയിയവിടെ
കാലം മാറി കോലം മാറി

മനുഷ്യരെല്ലാം കൂട്ടം തെറ്റി...

വൈശാഖ്.എം.ടി